പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 3296 — 11/05/2017 ൽ മറുപടിക്ക്

**പൊതുമേഖലാസ്ഥാപനങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ സാമ്പത്തിക സുരക്ഷിതത്വത്തിനു വേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ പൊതു മേഖലയിൽ തന്നെ നിലനിർത്തി അവയുടെ സ്ഥായിയായ ഉന്നമനത്തിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി കമ്പനികളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ ധനസഹായം നൽകുന്നതിനായി "പ്രവർത്തന സാധ്യതയുള്ള സ്ഥാപനങ്ങളുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും" എന്ന പേരിലുള്ള സ്കീമിൽ [ഹെഡ് ഓഫ് അക്കൗണ്ട് 4885-60-800-96(P)] എല്ലാ വർഷവും പ്രത്യേക ധനസഹായം ബഡ്ജറ്റിൽ പദ്ധതിവിഹിതമായി നൽകിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഇൻകം ടാക്സ് ആക്ട് - 1961, സെക്ഷൻ 40, ക്ലോസ് (a) സബ് ക്ലോസ് (iib) ഒഴിവാക്കണം എന്ന മുൻ സർക്കാരിന്റെ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) യും | പരിശോധിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ആക്ടിലെ വ്യവസ്ഥ നീക്കം ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ; വിശദമാക്കാമോ? | (സി) യും | |

സെക്ഷൻ ഓഫീസർ